# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3308 — 25.06.2012-ൽ മറുപടിക്ക്

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കമ്മീഷൻ ചെയ്യാനുള്ള കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ജമീലാ പ്രകാശം** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കമ്മീഷൻ ചെയ്യാൻ ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ? | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കമ്മീഷൻ ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നത് ഖബർ സംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ പൂർത്തിയാകാത്തതിനാലാണ്. ലേലപ്പുരയുടെ നടുക്ക് സ്ഥിതി ചെയ്യുന്ന ഖബർ സംരക്ഷിക്കാൻ കരാർ വച്ച് പണി ആരംഭിച്ചെങ്കിലും നാട്ടുകാരിൽ ഒരു വിഭാഗത്തിന്റെ എതിർപ്പ് മൂലം പണി തടസ്സപ്പെട്ടിരിക്കുന്നു. കൂടാതെ ചുറ്റുമതിലിന്റെ നിർമ്മാണവും നാട്ടുകാരുടെ എതിർപ്പുമൂലം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നാട്ടുകാരുടെ ഭാഗത്തു നിന്നും സഹകരണം ലഭിക്കുന്ന പക്ഷം കാലതാമസം കൂടാതെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് വിഴിഞ്ഞം ഹാർബർ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ